വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): സർ, അപ്പീൽ ജോയിന്റ് ഡയറക്ടറുടെ കയ്യിലുണ്ട്. ജോയിന്റ് ഡയറക്ടറോട് അടിയന്തിരമായിട്ട് അപ്പീലിൻമേൽ തീരുമാനമെടുക്കാൻ പറഞ്ഞിട്ടുണ്ട്. കൂടാതെ ആ അപ്പീലിന്റെ അവസാന തീരുമാനത്തിന് വിധേയമായി പത്തു ദിവസത്തിനകം മൂന്നു ടീച്ചർമാർക്കും താൽക്കാലികമായി ശമ്പളം കൊടുക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ശമ്പളം കിട്ടിയോ, ഇല്ലയോയെന്നുള്ളത് അന്വേഷിച്ചിട്ട്, കിട്ടിയിട്ടില്ലെങ്കിൽ എന്നെ അറിയിച്ചാൽ വേണ്ട നടപടിയെടുക്കുന്നതാണ്.

(v) ബേക്കൽ കോട്ട ടൂറിസ്റ്റു കേന്ദ്രമാക്കുന്നതു സംബന്ധിച്ച്

ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് എല്ലാ തലത്തിലും വികസനത്തിന്റെ വാചാലമായ പ്രഖ്യാപനങ്ങളും അവകാശവാദങ്ങളും ഇപ്പോഴും നിലനിൽക്കുകയാണ്. കേരളത്തിലെ അതി മനോഹരമായ തീരപ്രദേശമാണ് കാസർകോട് ജില്ലയിലെ ബേക്കൽ കോട്ട പ്രദേശം. ആ പ്രദേശം ഇപ്പോഴും ശാപമോക്ഷം കിട്ടാതെ കിടക്കുകയാണ്. ഇതിനുമുമ്പ് പലപ്രാവശ്യം കേന്ദ്ര പഠനസംഘം ഇവിടം വികസിപ്പിക്കാനാവശ്യമായ നിർദ്ദേശങ്ങളും മനസ്സിൽവച്ചുകൊണ്ട് അവിടം സന്ദർശിക്കുകയും പരിശോധിച്ച് വളരെയധികം തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ആ പഠന സംഘങ്ങളുടെ തീരുമാനങ്ങളും ഇപ്പോൾ ഏതവസ്ഥയിലാണ് കിടക്കുന്നതെന്നുള്ളതിനെക്കുറിച്ച് അറിയില്ല. മലബാറിന്റെ മണ്ണ് അതിനൊന്നും പറ്റിയതല്ലെന്നൊരു സമീപനം ഈ ഗവൺമെൻറിനുണ്ടോയെന്ന് ഞാൻ വിനയപൂർവ്വം ചോദിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ പഠന സംഘം ഇവിടം സന്ദർശിച്ചിട്ടുള്ളതും മലബാറിലെ ഏറ്റവും മനോഹരമായ ബേക്കൽ കോട്ട പ്രദേശം ടൂറിസം വികസനരംഗത്ത് പരമപ്രാധാന്യം ലഭിക്കേണ്ട പ്രദേശമാണെന്ന് പറഞ്ഞിട്ടുള്ളതുമാണ്. അതിനെക്കുറിച്ച് നടത്തിയിട്ടുള്ള അതിവാചാലമായ ചർച്ചകളും പ്രഖ്യാപനങ്ങളും ഇപ്പോഴും വഞ്ചി തിരുനക്കര കിടക്കുകയാണ് എന്ന മട്ടിലാണ്. അതുകൊണ്ട് ടൂറിസം വികസനത്തിന് പറ്റിയ ബേക്കൽ പ്രദേശത്ത് അടിയന്തിരമായ വികസന പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിക്കുമോ; എന്താണ് അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്നറിയാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, ബേക്കൽ കോട്ടയുടെ ടൂറിസം വികസന സാദ്ധ്യതയെക്കുറിച്ച് ഞാൻ ഇതിനുമുമ്പിവിടെ പറഞ്ഞിട്ടുള്ളതാണ്. ശ്രീ. കുഞ്ഞിക്കണ്ണനും ആ പ്രദേശത്തോടുള്ള പ്രത്യേക ആഭിമുഖ്യത്തിൽ എനിക്കും അദ്ദേഹത്തോടും യാതൊരു പരിവേവുമില്ലതാനും. അത് വളരെ അഭിനന്ദനാർഹമായ കാര്യമാണ്. പക്ഷേ മലബാറിലെ ടൂറിസത്തോടുള്ള അവഗണന എപ്പോഴാണ് ബോദ്ധ്യമായതെന്ന് എനിക്ക് സംശയമുണ്ട്. മലമ്പുഴയിലല്ലാതെ മലബാറിലെ ഒരൊറ്റ സ്ഥലത്തുപോലും ടൂറിസത്തിനുവേണ്ടി യാതൊരു കാര്യവും കഴിഞ്ഞ കാലങ്ങളിൽ ചെയ്തിട്ടില്ല. എന്നാൽ കഴിഞ്ഞ നാലുവർഷക്കാലമായിട്ട് മലബാർ

LIBRARY ARCHIVES Kerala Legislative Assembly

എന്നൊരു സ്ഥലമുണ്ടെന്നും അവിടെ ടൂറിസം വികസനസാദ്ധ്യത യുണ്ടെന്നും അതിനുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്നും ഉള്ള ബോദ്ധ്യത്തോടുകൂടിയാണ് ഈ ഗവൺമെൻറ് പ്രവർത്തിച്ചു കൊണ്ടിരുന്നത്. കാപ്പാട് എന്ന സ്ഥലത്ത് വടി കെട്ടിത്തൂക്കിയിട്ടി രിക്കുന്നതല്ലാതെ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോ? കാപ്പാട് ഇപ്പോൾ വലിയൊരു ടൂറിസ്റ്റ് കേന്ദ്രമായി. അതുപോലെ തന്നെ മലബാറിലെ നിരവധി ഭാഗങ്ങൾ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾ, ഇദ്ദേഹം പറയുന്ന പ്രദേശത്തിനപ്പുറം മഞ്ചേശ്വരത്ത് വളരെ വിപുലമായ ഒരു ടൂറിസം കേന്ദ്രമായി വികസിപ്പിക്കാൻ പോവുകയാണ്. അതുപോലെതന്നെ ബേക്കൽ കോട്ടയുടെ കാര്യത്തിലും ഈ ഗവൺമെൻറ് വളരെയധികം ശ്രദ്ധയോടുകൂടി നടപടിയെടുക്കുന്നതാണ്. ഇവിടെ പറയുന്നത് കേട്ടു, ഇത് കേന്ദ്രപദ്ധതിയാണെന്ന്. കേന്ദ്രപദ്ധതിയെന്ന് പറയുന്നത് ആരുടേയാണ്? കേന്ദ്രം ആരുടെയെങ്കിലും തറവാട്ടുവക യാണോ? കേന്ദ്രം നമ്മുടെയെല്ലാവരുടേതും കൂടെയല്ലേ? കേന്ദ്രത്തിൻെറ മേൽ സമ്മർദ്ദം ചെലുത്തി പരമാവധി അവിടെനിന്നും പണമുണ്ടാക്കി പദ്ധതി നേടി ഞങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അത് നമ്മുടെയെല്ലാവരുടേയും പരിശ്രമത്തിൻെറ ഫലമായിട്ടാണ്. അങ്ങനെ ബേക്കൽ കോട്ടയെന്നു പറയുന്ന, വളരെയധികം വികസന സാദ്ധ്യതയുള്ള ടൂറിസ്റ്റ് പ്രദേശത്തിനുവേണ്ടി കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുകയും ഒന്നിലധികം തവണ വിദഗ്ദ്ധരെ അയച്ച് പരിശോധന നടത്തി റിപ്പോർട്ട് കേന്ദ്ര ഗവൺമെൻറിനു കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതിൻെറ അനുവാദം കിട്ടാൻവേണ്ടി നമ്മൾ പരിശ്രമിച്ചു കൊണ്ടിരിക്കു കയാണ്.പക്ഷേ കേന്ദ്രത്തിൽ വന്ന ഭരണ മാറ്റങ്ങൾകൊണ്ട് ഒന്നും നടന്നില്ല. അതിവിപുലമായിട്ട് വികസന സാദ്ധ്യതയുള്ള ഒരു സ്ഥലമാണിത്. ഓരോരുത്തരും വന്ന് പറയുന്നതനുസരിച്ച് ചെയ്യുന്നതല്ല. നേരെമറിച്ച്, വളരെ വിദഗ്ദ്ധ സംഘം വന്ന് പഠനം നടത്തി അവരുടെ റിപ്പോർട്ട് കേന്ദ്രഗവൺമെൻറിനു കൊടുത്തിട്ടുള്ളതാണ്. കേന്ദ്ര ഗവൺമെൻറിൻെറ കാര്യത്തെക്കുറിച്ച് ഇപ്പോൾ ഞാൻ ഒന്നും പറയുന്നില്ല. കഴിഞ്ഞ പ്രാവശ്യം ടൂറിസത്തിൻെറ ചുമതല വഹിച്ചതും ശ്രീ. കുഞ്ഞിക്കണ്ണനൊക്കെ ശ്ലാഘി ച്ചിട്ടുള്ളതുമായ കേന്ദ്രമന്ത്രി ഇവിടെ വന്ന് കുറെ വികസനങ്ങളൊക്കെ പ്രഖ്യാപിച്ചിട്ട് പോയി. ഞാൻ നോക്കിയപ്പോൾ കേന്ദ്രത്തിൽ ഇപ്പോൾ അതു സംബന്ധിച്ച ഒരു കടലാസ്സും ഇല്ലെന്നാണു മനസ്സിലാക്കു ന്നത്. അതാണ് ഇപ്പോഴത്തെ കേന്ദ്രത്തിൻെറ സ്ഥിതി. അതുകൊണ്ട് ഉറപ്പുള്ള, നല്ലൊരു കേന്ദ്രം, ഇക്കാര്യങ്ങളിലൊക്കെ അനുഭവമുള്ള ഒരു കേന്ദ്രം, കേരളത്തോട് പ്രത്യേകം അനുഭാവമുള്ള കേന്ദ്രം വരുമ്പോൾ ഇതൊക്കെ നടപ്പിലാകുമെന്ന് ഞാൻ കുഞ്ഞിക്കണ്ണനോട് പറയുകയാണ്. അതിനനുസൃതമായി ശ്രീ. കുഞ്ഞിക്കണ്ണൻകൂടി സഹായിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

(vi) കുട്ടനാട്ടിലെ താറാവു കൃഷിക്കാർക്ക് ധനസഹായം

ഡോക്ടർ കെ. സി. ജോസഫ്: സർ, 1990-ൽ ആലപ്പുഴ ജില്ലയിൽ വ്യാപകമായി ഉണ്ടായ താറാവു വസന്ത രോഗം മൂലം പതിനായിരക്കണക്കിന് താറാവുകൾ നശിക്കുകയും കൃഷിക്കാർ ബുദ്ധിമുട്ട് അനുഭവിക്കുകയു മാണ്. അവരെ സാമ്പത്തികമായി സഹായിക്കാം എന്ന് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly